(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് സിഡ്കോ ചെയ്തു തീർക്കാനുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയിൽ വാഴാനിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ : വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള വാച്ച്മാൻ ഷെഡ്ഡിന്റെ മെയിന്റനൻസ്, ടോയ്ലെറ്റ്, നടപ്പാത നവീകരിക്കൽ, പ്രതിമകളുടെ അറ്റകുറ്റപ്പണി, പുതുതായി മൂന്നു പ്രതിമകളുടെ നിർമ്മാണം, കുട്ടികൾക്ക് കളിക്കാനുള്ള ഉപകരണങ്ങൾ, കളിസ്ഥലമൊരുക്കൽ, കളിസ്ഥലത്ത് മണൽ നിറയ്ക്കൽ, നിലവിലുള്ള ബഞ്ചുകളുടെ അറ്റകുറ്റപ്പണി, പുതുതായി 8 ബഞ്ചുകളുടെ നിർമ്മാണം, ഫൗണ്ടിന്റെ അറ്റകുറ്റപ്പണി മുതലായവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഒന്നും ബാക്കിയില്ല.

(ഡി) ഉൾപ്പെടുത്തിയിട്ടില്ല.

കോട്ടക്കുന്ന് ടൂറിസം പദ്ധതി

111(319) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം കോട്ടക്കുന്നിൽ എന്തെല്ലാം ടൂറിസം പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കിയത് ;

(ബി) ഈ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ : കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) കോട്ടക്കുന്ന് ടൂറിസം വികസന പദ്ധതികൾക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും ;

(ഇ) കോട്ടക്കുന്നിൽ പുതിയ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മലപ്പുറം കോട്ടക്കുന്നിൽ റെയിൻവാട്ടർ റിസർവോയർ, ടർഫിംഗ്, നടപ്പാത നിർമ്മാണം, ചുറ്റുമതിൽ, പേ&യൂസ് ടോയ്ലെറ്റ്, പവലിയൻ റെയിൻഷെൽറ്റർ മുതലായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായവുമായി 440.25 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിൽ 352.20 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3,32,07,500 (മൂന്ന് കോടി മുപ്പത്തിരണ്ടു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപ ചെലവഴിച്ചു.

(ഡി) രണ്ടാം ഘട്ടം പൂർത്തിയായി കഴിഞ്ഞു.

(ഇ) നിലവിൽ പുതിയ പദ്ധതി പരിഗണനയിലില്ല.

പരപ്പനങ്ങാടി കെട്ടുങ്ങൽ ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള നടപടികൾ

112(320) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കെട്ടുങ്ങൽ ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി ഇതിനെ വികസിപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കെട്ടുങ്ങൾ ബീച്ച് ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം ലഭിച്ചിരുന്നു. എന്നാൽ ടൂറിസം വകുപ്പിന്റെ പരിമിതമായ പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ട് ഈ പദ്ധതി ഇപ്പോൾ നടപ്പാക്കാൻ പ്രയാസമാണ്.

കണ്ണൂർ ജില്ലയിൽ വിനോദസഞ്ചാരമേഖലയിലെ പുതിയ പദ്ധതികൾ

113(321) ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് വകുപ്പിന് കീഴിൽ നടപ്പിലാക്കിയത് ;

(ബി) ഇതിലേയ്ക്കായി എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(സി) തലശ്ശേരി കേന്ദ്രമായി നടപ്പിലാക്കിവരുന്ന 'പൈതൃകം' പദ്ധതിയുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഏകദേശം 15കോടി രൂപ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly